(ബി) ഇല്ലെങ്കിൽ കരാർ ലംഘനത്തിന് കരാർ വ്യവസ്ഥയനുസരിച്ച് നടപടിയെടുക്കാനുദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കോണ്ടൂരിൽ ഒഴുകി വരുന്ന ജലം മുഴുവനും തമിഴ്നാട്ടിന് അവകാശപ്പെട്ടതാണ്. ഈ ജലം എവിടെ സംഭരിച്ച് ഉപയോഗിക്കണമെന്നതിനെ കുറിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

വിവിധ വൈദ്യശാസ്ത്രമേഖലകളുടെ വികസനം

30 (*30) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വൈദ്യശാസ്ത്ര മേഖലകളെ തുല്യനിലയിൽ കാണുന്നതിനും ഓരോ മേഖലയുടേയും വളർച്ചയും വികാസവും ലക്ഷ്യമാക്കി ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ സിദ്ധ യുനാനി വൈദ്യശാസ്ത്രമേഖലകളിൽ ഏതെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സിദ്ധ, യുനാനി മേഖലകളിൽ കോളേജുകൾ ആരംഭിക്കേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ആയുർവേദമേഖലയ്ക്കു പ്രത്യേക ഡ്രഗ്സ് കൺട്രോൾവിഭാഗം വേണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ-സി) കേരളത്തിലെ ആയുർവേദ കോളേജ് അദ്ധ്യാപകർക്ക് മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് തുല്യമായ എ.ഐ.സി.റ്റി. ശമ്പളസ്കെയിൽ നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ ആയുർവേദ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കും ബി.എ.എം.എസ്. ഹൗസ് സർജൻസിക്കുമുള്ള സ്റ്റൈഫന്റ് അലോപ്പതി വിദ്യാർത്ഥികൾക്ക് തുല്യമായി വർദ്ധിപ്പിച്ചു. ആയുർവേദ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾക്കായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിച്ചു. സിദ്ധ, യുനാനി വൈദ്യശാസ്ത്ര മേഖലകളിൽ കോളേജ് തുടങ്ങുന്നതിനെക്കുറിച്ചു പഠിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും ടി ആഫീസറുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. ആയത് പരിശോധിച്ചു വരുന്നു.

(ഡി&ഇ) ആയുർവേദമേഖലയ്ക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണമെന്ന ആവശ്യം തൽക്കാലം പരിഗണനയിലില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ വിമാനയാത്ര

1 (1) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(ബി) ഇന്ത്യയിൽ നിന്ന് വിദേശത്തേയ്ക്ക് പോകുവാനും വിദേശ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിൽ വരുവാനും മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(സി) തിരുവനന്തപുരത്ത് നിന്നുമോ, സംസ്ഥാനത്തിന്റെ മറ്റ് വിമാനത്താവളങ്ങളിൽ നിന്നുമോ ഇന്ത്യയ്ക്കകത്തുള്ള മറ്റ് സ്ഥലങ്ങളിലേക്ക് പോകാനും ഇന്ത്യയ്ക്കകത്തുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തിച്ചേരാനും മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും എത്ര വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(ഡി) മുഖ്യമന്ത്രിയുൾപ്പെടെ നിലവിലുള്ള മന്ത്രിസഭയിലെ ഓരോ അംഗവും വിമാനയാത്രക്കുവേണ്ടി എന്തു തുക ടി.എ., ഡി.എ., ഇൻസിഡന്റൽ ചാർജ്ജ് എന്നീ ഇനങ്ങളിൽ വാങ്ങിയിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വിദേശപര്യടനവേളയിൽ സ്വീകരിച്ച ആതിഥ്യം

2 (2) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനം നടത്തിയപ്പോൾ ഏതെല്ലാം വിദേശ ഗവൺമെന്റുകളുടെയും വിദേശ ഏജൻസികളുടെയും ആതിഥ്യം സ്വീകരിക്കുകയുണ്ടായി ;

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly